ഹജ്ജ് യാത്ര നടപടി വൈകിക്കരുത്: ജമാഅത്ത് കൗൺസിൽ

തിരുവനന്തപുരം

ഹജ്ജിന് പോകുന്നവരുടെ യാത്രാനടപടികൾ വൈകിപ്പിക്കരുതെന്ന് മുസ്ലിം ജമാഅത്ത് കൗൺസിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവും തമ്മിലുള്ള ശീതസമരം ഹജ്ജ് യാത്രക്കാരെ ബുദ്ധിമുട്ടിലാക്കുകയാണ്. ജമാഅത്ത് കൗൺസിൽ ജില്ലാ പ്രവർത്തക കൺവൻഷനും 'ഫാസിസത്തെ ചെറുക്കൂ, മതേതരത്വത്തെ പുൽകൂ' എന്ന സെമിനാറും 25ന് നടക്കും. യോഗം സംസ്ഥാന പ്രസിഡന്റ് കരമന ബയാർ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി പി സെയ്ദലി അധ്യക്ഷനായി.

ലോക തേനീച്ച ദിനാഘോഷം

തിരുവനന്തപുരം

ഫെഡറേഷൻ ഓഫ് ഇന്റീജിനസ് എപ്പികൾച്ചറിസ്റ്റിന്റെ നേതൃത്വത്തിൽ നബാർഡ്, കനറ ബാങ്ക്, മാരിക്കോ എന്നിവരുമായി സഹകരിച്ച് വൈഎംസിഎ ഹാളിൽ തേനീച്ച ദിനാഘോഷം നടത്തും. കാർഷിക സർവകലാശാല വൈസ് ചാൻസലർ ബി അശോക് ഉദ്ഘാടനം ചെയ്യും. ചെറുതേനീച്ച കോളനി വിതരണവും ശിൽപ്പശാലയും നടക്കും. ഫോൺ: 944658462, 6238613388.

അമിതവേഗം: ബൈക്ക് കാറിലിടിച്ച് യുവാവിന് പരിക്ക്

കഴക്കൂട്ടം

കാട്ടായിക്കോണത്ത് അമിതവേഗത്തിൽ ഓടിച്ച ബൈക്ക് കാറിലിടിച്ച് യുവാവിന് ഗുരുതര പരിക്ക്. കാട്ടായിക്കോണം മടവൂർപ്പാറ സ്വദേശി സുബീഷി (24)നാണ് പരിക്കേറ്റത്. ഞായർ വൈകിട്ട് 4.30നാണ് സംഭവം.

പോത്തൻകോടുനിന്ന് ചേങ്കോട്ടുകോണം ഭാഗത്തേക്ക് പോകുകയായിരുന്ന ബൈക്കും എതിർദിശയിൽ വന്ന കാറുമാണ് കൂട്ടിയിടിച്ചത്.ബൈക്ക് പൂർണമായും തകർന്നു. തലയ്ക്കും കൈകാലുകൾക്കും ഗുരുതരമായി

പരിക്കേറ്റ സുബീഷിനെ നാട്ടുകാരും പൊലീസും ചേർന്ന് മെഡിക്കൽ കോളേജ് ആശുപത്രിൽ പ്രവേശിപ്പിച്ചു.

ആധുനിക സുരക്ഷാ സംവിധാനങ്ങളുമായി കോർപറേഷൻ

നഗരം കൺമുന്നിൽ

സ്വന്തം ലേഖിക

തിരുവനന്തപുരം

സുരക്ഷിതമായ സ്മാർട്ട് നഗരമെന്ന വികസന ആശയത്തിന്റെ ഭാഗമായി ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാൻ കോർപറേഷൻ. സിസിടിവി കാമറകളുടെ നിരീക്ഷണം, ട്രാഫിക് നിയന്ത്രണം തുടങ്ങിയ സംവിധാനങ്ങളുടെ ഏകോപനം ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് സ്മാർട്ട്സിറ്റിയിലൂടെ കോർപറേഷൻ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായുള്ള ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ സെന്റർ സംവിധാനം കോർപറേഷൻ ആസ്ഥാനത്ത് ഒരുങ്ങുന്നു. ഒരുകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്കായുള്ള കെട്ടിട നിർമാണം അവസാനഘട്ടത്തിലാണ്.

കാണാം നിയന്ത്രിക്കാം...

തിരുവനന്തപുരം

വയർലെസ് സെറ്റ്, 30 എൽഇഡി സ്ക്രീൻ, 30 കംപ്യൂട്ടർ, 20 ലാപ്ടോപ്, എമർജൻസി കിറ്റ്, കോൾ സെന്റർ എന്നിവയാണ് കേന്ദ്രത്തിലുണ്ടാവുക. നഗരത്തിലെ മുഴുവൻ കാമറകളുടെയും നിരീക്ഷണം ഈ കേന്ദ്രം വഴിയാകുന്നതിനാൽ കുറ്റകൃത്യങ്ങൾക്ക് തടയിടാനാകും. കൂടാതെ ഏതെങ്കിലും കുറ്റകൃത്യം നടന്നാൽ വേഗത്തിൽ പ്രതിയെ കണ്ടെത്താനും കഴിയും. പ്രകൃതിദുരന്തങ്ങൾ, വെള്ളപ്പൊക്കം തുടങ്ങിയവയിൽ അടിയന്തിര നിർദേശങ്ങൾ നൽകാനും വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാനും സാധിക്കും.

ഗതാഗത നിയന്ത്രണം പൂർണമായും കേന്ദ്രത്തിന്റെ കീഴിലാക്കും. പൊലീസ്, ജില്ലാഭരണ വിഭാഗം എന്നിവയുടെ ഏകോപനത്തോടെയാകും പ്രവർത്തനം.

നിലവിലുള്ള ട്രാഫിക്ക് സിഗ്നലിൽനിന്ന് വ്യത്യസ്തമായ സെൻസർ കാമറകൾ ഉപയോഗിച്ചുള്ള സംവിധാനമാണ് സ്ഥാപിക്കുക. വാഹന തിരക്ക് കൂടുന്നത് സ്വയം മനസ്സിലാക്കി സിഗ്നൽ സംവിധാനം പ്രവർത്തിക്കും.

മിനി കൺട്രോൾ റൂം

നഗരത്തിലെ ഗതാഗത തിരക്ക് നിയന്ത്രിക്കാനും നിയമലംഘനങ്ങൾ തടയാനും അപകടങ്ങൾ ഉണ്ടായാൽ അതിവേഗ രക്ഷാ പ്രവർത്തനങ്ങൾക്കും സാധിക്കുന്ന വിധത്തിൽ നന്ദാവനം എആർ ക്യാമ്പിലാണ് മിനി കൺട്രോൾ റൂം.

അനുബന്ധ പദ്ധതികൾ

- 20 ജങ്ഷനിൽ അഡാപ്റ്റീവ് ട്രാഫിക്ക് സിസ്റ്റം
- 114 ഇടങ്ങളിൽ ഇന്റലിജൻസ് ട്രാഫിക്ക് മാനേജ്മെന്റ് സിസ്റ്റം
- 14 ഇടങ്ങളിൽ പൊതുജനങ്ങൾക്ക് സന്ദേശമറിയിക്കുന്നതിനുള്ള സംവിധാനം
- 10 എമർജൻസി കോൾ ബോക്സ്
- സ്മാർട്ട് സിസിടിവികൾ

ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ സമ്മേളനം

കെ ജി ഹരികൃഷ്ണൻ പ്രസിഡന്റ്, എസ് രാജിത് സെക്രട്ടറി

നെയ്യാറ്റിൻകര

കെ ജി ഹരികൃഷ്ണൻ (പ്രസിഡന്റ്), എസ് രാജിത് (സെക്രട്ടറി)

പശ്ചിമഘട്ട താഴ്വര പ്രദേശത്ത് പാരിസ്ഥിതിക ആവാസ വ്യവസ്ഥ നേരിടുന്ന ആഘാതങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ പ്രസിഡന്റായി കെ ജി ഹരികൃഷ്ണനെയും സെക്രട്ടറിയായി എസ് രാജിത്തിനെയും നെയ്യാറ്റിൻകര ജെബിഎസ് സ്കൂളിൽ ചേർന്ന ജില്ലാസമ്മേളനം തെരഞ്ഞെടുത്തു. എസ് ബിജുകുമാറാണ് ട്രഷറർ. ഷീലാകുമാരി, ജെ. ശശാങ്കൻ (വൈസ് പ്രസിഡന്റ്), എസ് സിനി, പി പ്രദീപ് (ജോ. സെക്രട്ടറി) എന്നിവരാണ് മറ്റു ഭാരവാഹികൾ.

വിവിധ വിഷയസമിതി കൺവീനർമാരായി അനിൽനാരായണൻ (വിദ്യാഭ്യാസം), വി ജിനുകുമാർ (ആരോഗ്യം), ബി നാഗപ്പൻ (പരിസരം), അഡ്വ. വി കെ നന്ദനൻ (ജെൻഡർ), ഡോ. റൊസീന (ഉന്നത വിദ്യാഭ്യാസം) എന്നിവരെയും തെരഞ്ഞെടുത്തു. സമ്മേളനം ശാസ്ത്രജാഥയോടെ സമാപിച്ചു. ജില്ലാ സെക്രട്ടറി എസ് രാജിത്ത്, എ എസ് ഷിബു, സംസ്ഥാന പ്രസിഡന്റ് ബി രമേഷ്, ആർ മല്ലിക, പ്രവീൺലാൽ, ജെ ശശാങ്കൻ, വി ഹരിലാൽ, ബി നാഗപ്പൻ എന്നിവർ സംസാരിച്ചു.

മദ്രസയിൽ വിദ്യാർഥിനി തൂങ്ങിമരിച്ചനിലയിൽ

സംഭവത്തിൽ ദുരൂഹത ആരോപിച്ച് ബന്ധുക്കൾ പരാതി നൽകി

നേമം

ബാലരാമപുരത്ത് മദ്രസയിൽ വിദ്യാർഥിനിയെ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തി. ഇടമനക്കുഴിയിൽ അൽഅമൻ മദ്രസയിലെ വിദ്യാർഥിനി പൂന്തുറ വള്ളക്കടവ് വലിയവിളാകംവീട്ടിൽ നാസറുദീൻ– റഹ്മത്ത് ബീവി ദമ്പതികളുടെ മകൾ അസ്മിയ മോൾ (17) ആണ് മരിച്ചത്.

ശനി വൈകിട്ട് ആറോടെയാണ് സംഭവം. പകൽ മൂന്നോടെ തന്നെ കൂട്ടികൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ട് അസ്മിയ ഉമ്മയെ ഫോണിൽവിളിച്ചിരുന്നു. നാലരയോടെ ഉമ്മ റഹ്മത്ത് ബീവി മകളെ കാണാൻ മദ്രസയിലെത്തി. എന്നാൽ, കുട്ടി ശുചിമുറിയിലാണെന്ന് പറഞ്ഞ് മദ്രസ ജീവനക്കാർ കാണാൻ അനുവദിച്ചില്ല. ഒരുപാട് കാത്തുനിന്നിട്ടും കുട്ടിയെ കാണാനായില്ല.

അസ്മിയ മോൾ

മറ്റ് വിദ്യാർഥികൾ അസ്മിയയെ അന്വേഷിച്ചെങ്കിലും കണ്ടെത്താനായില്ല. തുടർന്നാണ് ലൈബ്രറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. സംഭവത്തിൽ ദുരൂഹത ആരോപിച്ച് ബന്ധുക്കൾ പൊലീസിൽ പരാതിനൽകി. ബാലരാമപുരം പൊലീസും ഫോറൻസിക് വിഭാഗവും സ്ഥലത്ത് തെളിവെടുപ്പ് നടത്തി. ഞായർ വൈകിട്ടോടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

മദ്രസയിലെ നൂറ്റിഅറുപത്തഞ്ചോളം വിദ്യാർഥികളിൽ 35 പേരാണ് താമസിച്ചുപഠിക്കുന്നത്. ആഴ്ചയിൽ ഒരു ദിവസമാണ് ബന്ധുക്കളെ വിളിക്കാനാകുക. റംസാനുശേഷമാണ് അസ്മിയമോൾ ഇവിടെ തുടരുന്നതിന് ബുദ്ധിമുട്ട് അറിയിച്ചതെന്ന് ബന്ധുകൾ പറയുന്നു. സഹോദരി: അസ്ന.

മത്സ്യബന്ധന സീസൺ

കൺട്രോൾ റൂം ഇന്നുമുതൽ

കോവളം

മത്സ്യബന്ധനസീസണും കാലവർഷവും എത്തുന്നതിന്റെ ഭാഗമായി കൺട്രോൾ റൂം പ്രവർത്തനം തിങ്കളാഴ്ച മുതൽ ആരംഭിക്കും. വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനു കീഴിൽ മുഴുവൻ സമയ കൺട്രോൾ റൂം ആരംഭിക്കുന്നത്. ഫോൺ: 0471 2480335. വിഴിഞ്ഞത്ത് മറൈൻ ആംബുലൻസും മുതലപ്പൊഴിയിൽ ബോട്ടും സജ്ജമാണ്. അടുത്ത മാസം മുതൽ രണ്ടു വാടക ബോട്ടുകളും ചെറുവള്ളവും കൂടി ഇവിടെ എത്തിക്കും. രക്ഷാപ്രവർത്തനത്തിന്11 ലൈഫ് ഗാർഡുകളെ കൂടി താൽക്കാലികമായി നിയമിക്കും.

കാവ്യാലാപന ലേഖന മത്സരം

തിരുവനന്തപുരം

കുമാരനാശാന്റെ ജന്മ വാർഷികത്തോടനുബന്ധിച്ച് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സാംസ്കാരികപഠന കേന്ദ്രം കാവ്യാലാപന, ലേഖനമത്സരവും സംഘടിപ്പിക്കും. ജൂൺ പത്തിനകം രജിസ്റ്റർ ചെയ്യണം.വിവരങ്ങൾക്ക്: ഫോൺ : 9744590997.

ഐസിഎസ്ഇ, ഐഎസ്സി പരീക്ഷ

ജില്ലയ്ക്ക് അഭിമാനനേട്ടം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ഐസിഎസ്ഇ, ഐഎസ്സി ഫലം പ്രഖ്യാപിച്ചപ്പോൾ തിളക്കമാർന്ന വിജയവുമായി ജില്ലയിലെ സ്കൂളുകൾ. മുക്കോലയ്ക്കൽ സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂളിൽ ഐഎസ്സി കൊമേഴ്സ് പരീക്ഷയെഴുതിയ 35 വിദ്യാർഥികളിൽ 21 പേർ ഡിസ്റ്റിങ്ഷനും 12 പേർ ഫസ്റ്റ് ക്ലാസും നേടി. ഐഎസ്സി സയൻസിൽ പരീക്ഷയെഴുതിയ 99 വിദ്യാർഥികളിൽ 73 പേർ ഡിസ്റ്റിങ്ഷനും 24 പേർ ഫസ്റ്റ് ക്ലാസും നേടി.

ഐസിഎസ്ഇയിൽ പരീക്ഷയെഴുതിയ 204 വിദ്യാർഥികളിൽ 179 പേർ ഡിസ്റ്റിങ്ഷനും 23 പേർ ഫസ്റ്റ് ക്ലാസും നേടി.ഐഎസ്സി പരീക്ഷയിൽ നാലാഞ്ചിറ സർവോദയയിലെ 96 പേർ പരീക്ഷയെഴുതിയതിൽ 78 പേർ ഡിസ്റ്റിങ്ഷൻ നേടി. ഐസിഎസ്ഇയിൽ 203 വിദ്യാർഥികൾ പരീക്ഷയെഴുതിയതിൽ 182 പേർ ഡിസ്റ്റിങ്ഷൻ കരസ്ഥമാക്കി.

ഐഎസ്സിയിൽ ശ്രീകാര്യം ലൊയോള സ്കൂൾ നൂറുമേനി വിജയം കൈവരിച്ചു. ആകെ പരീക്ഷയെഴുതിയ 32 പേരിൽ 30 പേർ ഡിസ്റ്റിങ്ഷനും രണ്ടു പേർ ഫസ്റ്റ് ക്ലാസും നേടി. 97.25 ശതമാനം മാർക്ക് നേടി വിശ്വ കല്യാണ് റെഡ്ഡി ഒന്നാമതെത്തി.

ഐഎസിഎസ്ഇ, ഐഎസ് സി പരീക്ഷയിൽ മികച്ച വിജയം നേടിയ തിരുവനന്തപുരം കവടിയാർ ക്രൈസ്റ്റ് നഗർ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുടെ ആഹ്ലാദം

ഐസിഎസ്ഇയിലും ശ്രീകാര്യം ലൊയോള നൂറുമേനി വിജയം നേടി. ആകെ പരീക്ഷയെഴുതിയ 85 പേരിൽ 84 പേർ ഡിസ്റ്റിങ്ഷനും ഒരാൾ ഫസ്റ്റ് ക്ലാസും നേടി. 98.06 ശതമാനം മാർക്ക് നേടി മാധവൻ സജ്ഞു ഒന്നാമതെത്തി.ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ ഐസിഎസ്ഇ പത്താം ക്ലാസ് പരീക്ഷ എഴുതിയ 45 പേരും വിജയിച്ചു. 15 പേർ 90 ശതമാനത്തിനു മേൽ മാർക്കു നേടി. 18 പേർ ഡിസ്റ്റിങ്ഷനും 12 പേർ ഫസ്റ്റ്ക്ലാസും നേടി. ഐഎസ്സി പന്ത്രണ്ടാം ക്ലാസ് വിഭാഗത്തിൽ പരീക്ഷ എഴുതിയ 22 പേരും വിജയിച്ചു. ഒമ്പതു പേർ ഡിസ്റ്റിങ്ഷനും 12 പേർ ഫസ്റ്റ്ക്ലാസും നേടി.

ഐസിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ വെള്ളായണി ലിറ്റിൽ ഫ്ലവർ വിദ്യാവിഹാർ നൂറുമേനി വിജയം കൈവരിച്ചു. അഭിഷേക് പി നായർ 97 ശതമാനം മാർക്ക് നേടി.

ഐസിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ നെയ്യാറ്റിൻകര സെന്റ് ട്രീസ ഓഫ് ആവില നൂറു ശതമാനം വജയം നേടി. പരീക്ഷയെഴുതിയ 28 പേരിൽ 25 പേർ ഡിസ്റ്റിങ്ഷനും മൂന്നു പേർ ഫസ്റ്റ് ക്ലാസും നേടി. റിജോരാജ്, ആൽബിയ എലിയോസ്, നന്ദു കൃഷ്ണ എന്നിവരാണ് സ്കൂൾതലത്തിൽ ഉയർന്ന മാർക്ക് നേടിയത്.

ജില്ലാലൈബ്രറി കൗൺസിൽ പുസ്തകോത്സവം നാളെ സമാപിക്കും

നിറയെ പുസ്തകങ്ങൾ അതിലേറെ പുസ്തകപ്രേമികൾ

തിരുവനന്തപുരം

നിറയെ പുസ്തകപ്രേമികളും അതിലേറെ പുസ്തകങ്ങളുമായി ജില്ലാ ലൈബ്രറി കൗൺസിൽ നടത്തുന്ന പുസ്തകോത്സവത്തിന് രണ്ടാം ദിനത്തിലും മികച്ച പ്രതികരണം. മുതിർന്നവരും വിദ്യാർഥികളും യുവതയുമുൾപ്പെടെ നൂറ്കണക്കിന് സന്ദർശകരാണ് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ ലൈബ്രറി കൗൺസിൽ നടത്തുന്ന മേളയിൽ എത്തുന്നത്. മുഖ്യധാരാ പ്രസാധകർക്കൊപ്പം സമാന്തര പ്രസാധകരും സജീവമായെത്തിയതിനാൽ ആഗ്രഹിച്ച എല്ലാ പുസ്തകങ്ങളും ഒരു കുടക്കീഴിൽ കിട്ടുന്ന ആഹ്ലാദത്തിലാണ് മേളയിലെത്തുന്നവർ.

ഡിജിറ്റൽ കാലത്തും പുസ്തകവായന നിലനിൽക്കുന്നതിന്റെ തെളിവാണ് അവധി ദിനത്തിലുമുള്ള സന്ദർശക തിരക്കെന്ന് സംഘാടകർ പറഞ്ഞു. മേളയോടനുബന്ധിച്ച് കവിയരങ്ങ് നടന്നു. മാങ്കോയിക്കൽ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സതീഷ് കിടാരക്കുഴി അധ്യക്ഷനായി. ഇറയങ്കോട് വിക്രമൻ, തിരുമല ശിവൻകുട്ടി, എസ് രാഹുൽ, ഹരി ചാരുത, മാനുവൽ നേഷൻ, കെ ജി സൂരജ്, അജിത്ത് അനന്തപുരി, മഞ്ജു ലക്ഷ്മി, വിശാഖൻ എന്നിവർ കവിത അവതരിപ്പിച്ചു. ജെ എം റഷീദ്, എ പി സുനിൽകുമാർ എന്നിവർ സംസാരിച്ചു. തിങ്കളാഴ്ച വി കെ മധുവിന്റെ 'വൈക്കം സത്യഗ്രഹ സമരചരിത്രത്തിലൂടെ' എന്ന പുസ്തകം ഡോ. തോമസ് ഐസക് പ്രകാശിപ്പിക്കും. ചൊവ്വാഴ്ച പുസ്തകോത്സവം സമാപിക്കും.

'കടമ്മനിട്ട- കവിതയുടെ കനലാട്ടം' പ്രകാശിപ്പിച്ചു

തിരുവനന്തപുരം

കെ എസ് രവികുമാർ എഴുതിയ 'കടമ്മനിട്ട– കവിതയുടെ കനലാട്ടം' എന്ന കൃതി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു പ്രകാശിപ്പിച്ചു.

ആർ പാർവതീദേവി പുസ്തകം ഏറ്റുവാങ്ങി. ലൈബ്രറി കൗൺസിലിന്റെ ജില്ലാ പുസ്തകോത്സവ വേദിയിലായിരുന്നു പ്രകാശനം.

ചടങ്ങിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബി പി മുരളി അധ്യക്ഷനായി.

സെക്രട്ടറി പേരയം ശശി, ജോയിന്റ് സെക്രട്ടറി എ സി സുനിൽ കുമാർ എന്നിവർ സംസാരിച്ചു.

കെ എസ് രവികുമാർ രചിച്ച 'കടമ്മനിട്ട– കവിതയുടെ കനലാട്ടം' സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു, ആർ പാർവതീദേവിക്ക് നൽകി പ്രകാശിപ്പിക്കുന്നു

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തിന്റെ ഭാഗമായി ജീവനക്കാർക്കായി സംഘടിപ്പിച്ച പുരുഷന്മാരുടെ ക്രിക്കറ്റ് ടൂർണമെന്റ് സംസ്ഥാന സ്കൂൾ സ്പോർട്സ് ഓർഗനൈസർ എൽ ഹരീഷ് ശങ്കർ ഉദ്ഘാടനം ചെയ്യുന്നു

ക്രിക്കറ്റ് ടൂർണമെന്റ്

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തിന്റെ ഭാഗമായി ജീവനക്കാർക്കായി ക്രിക്കറ്റ്, ബാഡ്മിന്റൺ ടൂർണമെന്റുകൾ സംഘടിപ്പിച്ചു. സംസ്ഥാന സ്കൂൾ സ്പോർട്സ് ഓർഗനൈസർ എൽ ഹരീഷ് ശങ്കർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ എൻ നിമൽ രാജ് അധ്യക്ഷനായി. ജില്ലാ സെക്രട്ടറി കെ എ ബിജുരാജ്, കെ എം സക്കീർ എന്നിവർ സംസാരിച്ചു. ബാഡ്മിന്റൺ ടൂർണമെന്റ് കേരള ഹാൻഡ് ബോൾ ടീം ക്യാപ്റ്റൻ എസ് ശിവപ്രസാദ് ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ബി അനിൽകുമാർ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി എസ് സജീവ് കുമാർ, എം ജെ ഷിജു എന്നിവർ സംസാരിച്ചു.

ഒന്നാം ചരമ വാർഷികം (15-05-2023)

ജെ. ഫ്രാൻസിസ്

മുട്ടക്കാട് മേലെ പുത്തൻവീട്, കൊടുങ്ങാവിള പി.ഒ, നെയ്യാറ്റിൻകര.

ദുഃഖസ്മരണയോടെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്

ഭാര്യ: ബീന. ടി. ആർ

(എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം)

മക്കൾ: വർഷ.ബി, അബിഷേക്.ബി.ഫ്രാൻസിസ്

ഒന്നാം ചരമവാർഷികം (15-05-2023)

കെ.സി. പ്രേംജിത്

Rtd. State Tax Officer (GST)

ഗീതാഭവൻ, ചാവടിനട, കട്ടച്ചൽക്കുഴി പി.ഒ.

ഭാര്യ: രേഖ. പി.എ

മകൾ: പൂജിത.പി

സഹോദരങ്ങൾ

ദുഃഖിതരായ ബന്ധുമിത്രാദികൾ

രണ്ടാം ചരമവാർഷികം (15.05.2023)

സ. എൻ ലളിത ടീച്ചർ

(റിട്ട. ഹെഡ്മിസ്ട്രസ്)

(മഹിളാ അസോസിയേഷൻ വാഴോട്ടുകോണം ലോക്കൽ കമ്മറ്റി അംഗം)

ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് കുടുംബാംഗങ്ങളും സഹപ്രവർത്തകരും

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT
MG Road, Thrissur - 680004
0487 299 5988
9633 988 988
Send your CV to hr@theproficient.in

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1,50,000/-മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 / 9745177728

പ്രായഭേദമന്യേ ജോലിയോടൊപ്പം പഠിക്കാം
(DISTANCE EDUCATION)
SSLC / PLUS TWO
B.A / B.COM / BBA
M.A / M.COM / MBA
DEGREE
PG / B.TECH
പാതി വഴിയിൽ മുടങ്ങിയവരാണോ ?
UNIVERSITY CREDIT TRANSFER വഴി പൂർത്തിയാക്കാം
ASIAN EDUCATION FOUNDATION
ISO 9001:2015 CERTIFIED EDUCATIONAL TRUST
Registration No. 48/IV/2022, Under Govt. of Kerala
KOCHI
UGC / AIU / DEB / UPSC
ALL EMBASSIES
KERALA PSC APPROVED
94460 64567 / 94461 64567